**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശസ്വയംഭരണ വകുപ്പ് – ഭവന പ്രോജക്ടുകളുടെ ഭാഗമായി പത്ത് വർഷം മുമ്പ് നിർമ്മിച്ചതും ഇപ്പോൾ വാസയോഗ്യമല്ലാത്തതുമായ വീടുകളുടെ പുനർ നിർമ്മാണത്തിന് ധനസഹായം–പരിഷ്കരിച്ച മാർഗനിർദ്ദേശങ്ങൾ അംഗീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

**തദ്ദേശസ്വയംഭരണ(ഡി.ബി.)വകുപ്പ്**

സ.ഉ.(സാധാ)നമ്പർ. 465/2011/തസ്വഭവ — തിരുവനന്തപുരം, തീയതി: 14.02.2011

പരാമർശം:
1. സർക്കുലർ നം.23983/ഡി.എ.1/2005/തസ്വഭവ; തീയതി 30.07.2007
2. സർക്കുലർ നം.57744/ഡി.എ.1/2007/തസ്വഭവ; തീയതി 17.12.2007
3. സ.ഉ(എം.എസ്)നം.207/2009/തസ്വഭവ; തീയതി 07.11.2009
4. വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോ–ഓർഡിനേഷൻ സമിതിയുടെ 25.01.2011–ലെ 2.1 (2)–ാം നമ്പർ തീരുമാനം.

# ഉത്തരവ്

തദ്ദേശഭരണ സ്ഥാപനങ്ങൾ/സർക്കാർ വകുപ്പുകൾ/വിവിധ ഏജൻസികൾ മുൻകാലങ്ങളിൽ നടപ്പാക്കിയ ഭവന പ്രോജക്ടുകൾ പ്രകാരം പത്ത് വർഷം മുമ്പ് നിർമ്മിച്ച വീടുകൾ ഇപ്പോൾ വാസയോഗ്യമല്ലെങ്കിൽ പുനർനിർമ്മാണത്തിന് ധനസഹായം നൽകുന്നതിനുള്ള മാർഗനിർദ്ദേശങ്ങൾ പരാമർശം 1, 2 എന്നിവ പ്രകാരം പുറപ്പെടുവിച്ചിട്ടുണ്ട്. ഇത്തരം വീടുകളുടെ പുനർനിർമ്മാണത്തിന് നിലവിൽ വികേന്ദ്രീകൃതാസൂത്രണ പദ്ധതിയുടെ ഭാഗമായി മാത്രമേ ധനസഹായം നൽകാൻ കഴിയുകയുള്ളൂ. ഐ.എ.വൈ പദ്ധതിയിൽപ്പെടുത്തി ധനസഹായം അനുവദിക്കുന്നതിനും അനുമതി നൽകാവുന്നതാണെന്ന് ഗ്രാമവികസന കമ്മീഷണർ സർക്കാരിനോട് ശുപാർശ ചെയ്തിട്ടുണ്ട്.

2. സർക്കാർ ഈ വിഷയം വിശദമായി പരിശോധിക്കുകയുണ്ടായി. ഭവന പ്രോജക്ടുകളുടെ ഭാഗമായി പത്ത് വർഷം മുമ്പ് നിർമ്മിച്ചതും ഇപ്പോൾ വാസയോഗ്യമല്ലാത്തതുമായ വീടുകളുടെ പുനർനിർമ്മാണത്തിന് ധനസഹായം നൽകുവാൻ പരാമർശം 1, 2 എന്നിവ പ്രകാരം നിശ്ചയിച്ചിരുന്ന മാർഗനിർദ്ദേശങ്ങൾ ചുവടെ വിവരിക്കുന്നത് പ്രകാരം പരിഷ്കരിച്ച് സർക്കാർ ഉത്തരവാകുന്നു.

**3. അർഹതാ മാനദണ്ഡങ്ങൾ**

3.1 ബി.പി.എൽ കുടുംബമായിരിക്കണം.

3.2 ഭവന പ്രോജക്ടുകളുടെ ഭാഗമായി വാസയോഗ്യമായ നിലയിൽ മുമ്പ് വീട് പൂർത്തീകരിച്ച ഗുണഭോക്താവായിരിക്കണം.

3.3 നാലാമത്തെ ഗഡു (അവസാന ഗഡു) കൈപ്പറ്റിയിട്ട് കുറഞ്ഞത് 10 വർഷമെങ്കിലുമായിരിക്കണം. ഭാഗികമായി മാത്രം ഗഡുക്കൾ കൈപ്പറ്റുകയും എന്നാൽ വീട് നിർമ്മാണം പൂർത്തിയാക്കുകയും ചെയ്തവരെ സംബന്ധിച്ചിടത്തോളം അവസാന ഗഡു കൈപ്പറ്റി 10 വർഷം കഴിഞ്ഞിരിക്കണം. ഈ കാലയളവുകൾ തദ്ദേശഭരണ സ്ഥാപനത്തിലെ രേഖകളുടെയോ ധനസഹായം നൽകിയ വകുപ്പിൽ/സ്ഥാപനത്തിൽ നിന്നുള്ള സാക്ഷ്യപത്രത്തിന്റെയോ അടിസ്ഥാനത്തിൽ നിർണ്ണയിക്കണം.

4. വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ, അസിസ്റ്റന്റ് എഞ്ചിനിയർ, ഓവർസീയർ എന്നിവരിൽ ഏതെങ്കിലും ഒരുദ്യോഗസ്ഥൻ വീട് പരിശോധിച്ച് വാസയോഗ്യമല്ലെന്ന് സാക്ഷ്യപത്രം നൽകണം.

5. **ഗുണഭോക്തൃ ലിസ്റ്റ്:–** ഇതിനായി പ്രത്യേക ഗുണഭോക്തൃ ലിസ്റ്റ് തയ്യാറാക്കാൻ പാടില്ല. തദ്ദേശഭരണ സ്ഥാപനം നടപ്പാക്കുന്ന പുതിയ ഭവന നിർമ്മാണ പ്രോജക്ടിന്റെ ഭാഗമായി, ആ പ്രോജക്ടിന്റെ അർഹതാ–മുൻഗണനാ മാനദണ്ഡങ്ങൾക്ക് വിധേയമായി മാത്രമേ ഖണ്ഡിക 3 പ്രകാരം അർഹരായവർക്ക് പുനർ നിർമ്മാണ ധനസഹായം നൽകാൻ പാടുള്ളൂ.

6. **ധനസഹായം:–** പുതിയ വീട് നിർമ്മാണത്തിന് അനുവദനീയമായ നിരക്കിൽ ഇ.എം.എസ് ഭവന പദ്ധതിയുടെ ഭാഗമായോ, ഐ.എ.വൈ പദ്ധതിയുടെ ഭാഗമായോ ധനസഹായം നൽകാവുന്നതാണ്. ഐ.എ.വൈ പദ്ധതിയിൽപ്പെടുത്തുകയാണെങ്കിൽ ഐ.എ.വൈ വിഹിതത്തിന് ഉപരിയായി നൽകേണ്ട അധിക വിഹിതം ഗ്രാമ, ബ്ലോക്ക്, ജില്ലാ പഞ്ചായത്തുകൾ നിലവിലുള്ള അനുപാതത്തിൽ കണ്ടെത്തണം.

**7. മറ്റ് നിർദ്ദേശങ്ങൾ:–**

7.1 കുടുംബാംഗങ്ങൾ നിലവിലുള്ള വീടിന് മുമ്പിൽ നിൽക്കുന്ന ഡിജിറ്റൽ ഫോട്ടോ പ്രോജക്ട് രേഖയോടൊപ്പം സൂക്ഷിക്കേണ്ടതാണ്.

7.2 പുനർ നിർമ്മിക്കുന്ന വീട് വാസയോഗ്യമായിരിക്കണം.

7.3 പരാമർശം 3–ലെ ഉത്തരവ് മുഖേന പുറപ്പെടുവിച്ച മാർഗ്ഗരേഖയിൽ പുതിയ വീട് നിർമ്മാണത്തിന് നിശ്ചയിച്ചിട്ടുള്ള മാർഗനിർദ്ദേശങ്ങൾ പുനർ നിർമ്മാണത്തിനും ബാധകമായിരിക്കും.

ഗവർണറുടെ ഉത്തരവിൻ പ്രകാരം

**എസ്.എം.വിജയാനന്ദ്**
അഡീഷണൽ ചീഫ് സെക്രട്ടറി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

1 എല്ലാ ജില്ലാപഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
2 എല്ലാ കോർപ്പറേഷൻ മേയർമാർക്കും സെക്രട്ടറിമാർക്കും
3 എല്ലാ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
4 എല്ലാ മുനിസിപ്പൽ ചെയർപേഴ്സൻമാർക്കും സെക്രട്ടറിമാർക്കും
5 എല്ലാ ഗ്രാമപഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
6 എല്ലാ ജില്ലാ ആസൂത്രണ സമിതി ചെയർപേഴ്സൺമാർക്കും
7 പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
8 ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം
9 ഡയറക്ടർ, കേരളാ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലോക്കൽ അഡ്മിനിസ്ട്രേഷൻ
10 നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം
11 ഡയറക്ടർ, സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് റൂറൽ ഡെവലപ്മെന്റ്, കൊട്ടാരക്കര
12 എക്സിക്യൂട്ടീവ് ഡയറക്ടർ, കുടുംബശ്രീ, തിരുവനന്തപുരം
13 എക്സിക്യൂട്ടീവ് ചെയർമാൻ ആന്റ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ
14 ചീഫ് എൻജിനീയർ, തദ്ദേശസ്വയംഭരണവകുപ്പ്
15 എല്ലാ ജില്ലാ ആസൂത്രണ സമിതി മെമ്പർ സെക്രട്ടറിമാർക്കും (ജില്ലാ കളക്ടർമാർ)
16 എല്ലാ ദാരിദ്ര്യ ലഘൂകരണ യൂണിറ്റ് പ്രോജക്ട് ഡയറക്ടർമാർക്കും
17 എല്ലാ കുടുംബശ്രീ ജില്ലാ മിഷൻ കോ–ഓർഡിനേറ്റർമാർക്കും
18 എല്ലാ ജില്ലാ പ്ലാനിംഗ് ഓഫീസർമാർക്കും
19 എല്ലാ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർമാർക്കും
20 എല്ലാ അസിസ്റ്റന്റ് ഡവലപ്മെന്റ് കമ്മീഷണർ(ജനറൽ)മാർക്കും
21 എല്ലാ നഗരകാര്യ മേഖലാജോയിന്റ് ഡയറക്ടർമാക്കും
22 ഡയറക്ടർ, ലോക്കൽ ഫണ്ട് ഓഡിറ്റ്, തിരുവനന്തപുരം
23 സ്റ്റേറ്റ് പെർഫോമൻസ് ഓഡിറ്റ് ഓഫീസർ, തിരുവനന്തപുരം
24 ജനറൽ സെക്രട്ടറി, കേരളാഗ്രാമപഞ്ചായത്ത് അസോസിയേഷൻ
25 സെക്രട്ടറി, കേരളാബ്ലോക്ക് പഞ്ചായത്ത് അസോസിയേഷൻ
26 സെക്രട്ടറി, മുൻസിപ്പൽ ചെയർമാൻമാരുടെ ചേമ്പർ
27 സെക്രട്ടറി, ജില്ലാപഞ്ചായത്ത് പ്രസിഡന്റുമാരുടെ ചേമ്പർ
28 അക്കൗണ്ടന്റ് ജനറൽ (എ ആന്റ് ഇ) കേരള, തിരുവനന്തപുരം
29 ഓഫീസ് കോപ്പി/കരുതൽ ഫയൽ

പകർപ്പ്:–

1. തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
2. തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ ഓഫീസ്
3. തദ്ദേശസ്വയംഭരണ വകുപ്പ് സെക്രട്ടറിയുടെ ഓഫീസ്
4. തദ്ദേശസ്വയംഭരണ ഡി.എ/ഡി.സി/ഡി.ഡി/എഫ്.എം സെക്ഷനുകൾക്ക്